compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ജനുവരി 21
**Tuesday, 21st January 2025**

1200 മകരം 8
**8th Makaram 1200**

1946 മാഘം 1
**1st Magha 1946**

വാല്യം 14
**Vol. XIV**

നമ്പർ
**No.** **3**

## Part III

## Grama Panchayath

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്

2016 - ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ട് (2016 - ലെ 9 –ാം ആക്ട്)-ലെ 36- ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനോ തയ്യാറാക്കിക്കുന്നതിനോ പരിഷ്കരണങ്ങളോടു കൂടിയോ അല്ലാതെയോ സ്വീകരിക്കുന്നതിനോ ഉള്ള ഉദ്ദേശ്യത്തിന്റെ വിജ്ഞാപനം

എസ്.സി.2/2018/2024 16.01.2025

മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18/11/2024 തീയതിയിലെ അടിയന്തിര മീറ്റിംഗിലെ 1(1) – ാം നമ്പർ തീരുമാന പ്രകാരം മുഖ്യനഗരാസൂത്രകൻ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ, പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ മൺറോതുരുത്ത് ഗ്രാമപഞ്ചായത്തിന് വേണ്ടിയുള്ള മാസ്റ്റർപ്ലാനായി സ്വീകരിച്ച് 2016-ലെ കേരള നഗര – ഗ്രാമാസൂത്രണ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രസിദ്ധീകരിക്കുന്ന നോട്ടീസ്

2016-ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1) - ാം ഉപവകുപ്പ് പ്രകാരം **മൺറോതുരുത്ത് ഗ്രാമപഞ്ചായത്ത്** താഴെ വിശദമാക്കിയിരിക്കുന്ന അതിരുകളോടു കൂടിയ ആസൂത്രണ പ്രദേശത്തിന് വേണ്ടി മുഖ്യനഗരാസൂത്രകൻ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാൻ പരിഷ്കരണങ്ങളോടുകൂടിയോ അല്ലാതെയോ സ്വീകരിക്കുവാൻ 18/11/2024 തീയതിയിൽ നടന്ന യോഗത്തിലെ 1(1) നമ്പർ പ്രമേയം പ്രകാരം തീരുമാനിച്ചിരിക്കുന്നു.

(എ) അതിരുകൾ

വടക്ക് : വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത്, തേവലക്കര ഗ്രാമപഞ്ചായത്ത്

കിഴക്ക് : കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്, പേരയം ഗ്രാമപഞ്ചായത്ത്

തെക്ക് : പനയം ഗ്രാമപഞ്ചായത്ത്, തൃക്കരുവാ ഗ്രാമപഞ്ചായത്ത്

പടിഞ്ഞാറ് : തേവലക്കര ഗ്രാമപഞ്ചായത്ത്

(ബി) ആസൂത്രണ പ്രദേശത്തിന്റെ ഏകദേശ വിസ്തൃതി – 1345 ഹെക്ടർ

2016 - ലെ കേരള നഗര - ഗ്രാമാസൂത്രണ ആക്ടിലെ 36 - ാം വകുപ്പ് (1)- ാം ഉപവകുപ്പ് പ്രകാരം ടി വിവരം ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

(ഒപ്പ്) (ഒപ്പ്)

സെക്രട്ടറി പ്രസിഡന്റ്

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.21 04:56:42 +05:30